"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - തൊണ്ടർനാട് എം.ടി.ഡി.എം.എച്ച്.എസ് ലെ എച്ച്.എസ്.എ(ഗണിതം) ശ്രീമതി.രഞ്ജു സി.എം ന്റെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ മാനേജർ സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1883/2022/GEDN തീയതി,തിരുവനന്തപുരം, 21-03-2022

---

പരാമർശം:-

1. പത്തനാപുരം Society of the Order of Sacred Transfiguration കോർപ്പറേറ്റ് മാനേജരുടെ 06.10.2021 ലെ ഹർജി
2. വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.01.2022 ലെ ബി6/6078/2021/താതീ നമ്പർ കത്ത്
3. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19.01.2022 ലെ ബി6/275/2021 നമ്പർ കത്ത്
4. വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21.01.2022 ലെ DDEWYD/10835/2021/ബി1 നമ്പർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27.01.2022 ലെ ഇ.റ്റി(5)/124/2022/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

തൊണ്ടർനാട് എം.ടി.ഡി.എം.എച്ച്.എസ് ലെ എച്ച്.എസ്.എ(ഗണിതം) ശ്രീമതി.രഞ്ജു സി.എം ന്റെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ മാനേജർ സമർപ്പിച്ച പരാമർശം (1) ലെ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി, ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 28.1.2022ന് കേട്ടു. ശ്രീമതി.രഞ്ജു സി.എം ന്റെ വാദം ചുവടെ ചേർക്കുന്നു.

"എ) കൊല്ലം ജില്ലയിലെ സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ യു.പി.എസ്.റ്റി ആയി ജോലി ചെയ്തുവരവെ 01/06/2016 മുതൽ വയനാട് ജില്ലയിലെ തോണ്ടർനാട് എം.റ്റി.ഡി.എം ഹൈസ്കൂളിൽ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിൽ പ്രമോഷൻ നൽകി നിയമിച്ചു. ശ്രീ.ജോസ്.കെ.ജെയ്സൺ എന്ന അദ്ധ്യാപകനെ ഹെഡ്മാസ്റ്ററായി കൊല്ലം ജില്ലയിലെ മാലൂർ എം.റ്റി.ഡി.എം.എച്ച്.എസ്-ൽ നിയമിച്ച ഒഴിവിലേക്കാണ് തനിക്ക് എച്ച്.എസ്.റ്റി ആയി പ്രമോഷൻ ലഭിച്ചത്. ശ്രീ.ജോസ്.കെ.ജെയ്സൺ-ന്റെ നിയമനത്തിന് അംഗീകാരം ലഭിക്കാത്തതിനാൽ തന്റെ നിയമനത്തിനും അംഗീകാരം ലഭിച്ചില്ല. തുടർന്ന് 01/06/2017-ൽ കൊല്ലം ജില്ലയിലെ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ശ്രീ.അലക്സ് ഡേവിഡ് എച്ച്.എസ്.റ്റി (ഗണിതം) എന്ന അദ്ധ്യാപകൻ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഒഴിവിലേക്ക് തന്നെ ട്രാൻസ്ഫർ ചെയ്ത് നിയമിച്ചു. എന്നാൽ മുൻകാല നിയമനം അംഗീകരിക്കാത്തതിനാൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ തന്റെ നിയമനം നിരസിച്ചു.

ബി) പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലെ ശ്രീ.അലക്സ് ഡേവിഡ് എച്ച്.എസ്.റ്റി

(ഗണിതം) എന്ന അദ്ധ്യാപകൻ ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് അവകാശം ഉന്നയിച്ചുകൊണ്ട് ബഹു കേരള ഹൈക്കോടതിയിൽ കേസ് നൽകിയതിനാലാണ് ശ്രീ.ജോസ്.കെ.ജെയ്സൺ-ന്റെയും, തന്റെയും പ്രമോഷൻ നിയമനങ്ങൾ നിരസിക്കപ്പെട്ടത്.

സി) കോടതി വ്യവഹാരം കാലങ്ങളോളം നീണ്ടുപോയതിനാലാണ് 01/06/2017 മുതൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലെ നിയമനം ഒരു പുതിയ നിയമനമായി പരിഗണിച്ച് അംഗീകാരം നൽകുന്നതിന് താൻ സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചത്. എന്നാൽ 22/10/2021-ൽ ഉണ്ടായ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം (WP(C) 21655/2020) പ്രകാരം ശ്രീ. ജോസ്.കെ.ജെയ്സൺ-ന്റെ ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള നിയമനം 01/04/2017 മുതൽ അംഗീകരിച്ച് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉത്തരവ് നൽകിയിട്ടുണ്ട്.

ഡി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ തന്റെ നിയമന പ്രപ്പോസൽ 04/01/2022-ൽ സമന്വയ പോർട്ടൽ വഴി വയനാട് ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് പുനർസമർപ്പിച്ചിട്ടുള്ളതും, പരിഗണനയിലാണ് എന്നും മനസ്സിലാക്കുന്നു. തന്റെ നിയമനത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന പുരോഗതിയുടെ അടിസ്ഥാനത്തിൽ ശ്രീ.ജോസ്.കെ. ജെയ്സൺ-ന്റെ ഹെഡ്മാസ്റ്റർ തസ്തികയിലെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടുള്ളതിന് അനുസരണമായി 01/04/2017 മുതലുള്ള തന്റെയും നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

സർക്കാരിൽ 02/09/2021-ൽ നൽകിയ അപേക്ഷയിൽ 01/06/2017 മുതലുള്ള തന്റെ സ്ഥലംമാറ്റം ഒരു പുതിയ നിയമനമായി പരിഗണിക്കണം എന്ന് അപേക്ഷിച്ചിരുന്നു. ഇപ്പോൾ തന്റെ നിയമന വിഷയത്തിൽ ഉണ്ടായിരിക്കുന്ന പുരോഗതിയുടെ അടിസ്ഥാനത്തിൽ 01/06/2017 മുതലുള്ള പ്രപ്പോസൽ പരിഗണിക്കേണ്ടതില്ല എന്നും അപേക്ഷിക്കുന്നു."

2) ഹർജിക്കാരനായ മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

"എ) പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ 01/06/2017 മുതൽ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.രഞ്ജു സി.എം.ന്റെ നിയമനവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവ പരിഗണനയ്ക്കും അനുകൂല ഉത്തരവിനുമായി സമർപ്പിക്കുന്നു.

1. പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ യു.പി.എസ്.റ്റി ആയിരുന്ന ശ്രീമതി. രഞ്ജു.സി.എം.-ന് എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി 01/06/2016 മുതൽ തോണ്ടർനാട് (വയനാട് വിദ്യാഭ്യാസ ജില്ല) എം.റ്റി.ഡി.എം ഹൈസ്കൂളിൽ നിയമിച്ചിരുന്നു. എച്ച്.എസ്.റ്റി (ഗണിതം) അദ്ധ്യാപകനായിരുന്ന ശ്രീ.ജോസ്.കെ.ജെയ്സൺ-ന് 01/06/2016 മുതൽ പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകി മാലൂർ എം.റ്റി.ഡി.എം ഹൈസ്കൂളിൽ (കൊട്ടാരക്കര വിദ്യാഭ്യാസ ജില്ല) നിയമിച്ചതുമൂലമുണ്ടായ ഒഴിവിലാണ് ശ്രീമതി. രഞ്ജു.സി.എം-നെ നിയമിച്ചത്. ശ്രീ.ജോസ്.കെ.ജെയ്സൺ-ന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചില്ല എന്ന കാരണം ഉന്നയിച്ച് ശ്രീമതി. രഞ്ജു.സി.എം-ന്റെ (എച്ച്.എസ്.റ്റി) ഗണിതം തസ്തികയിലെ സ്ഥാനക്കയറ്റ നിയമനവും നിരസിച്ചു(ഉത്തരവ് നം. ബി6-4131/2016/കെ-ഡിസ് തീയതി 17/12/2016). വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയും ഇതേ കാരണത്താൽ നിരസിച്ചു(ഉത്തരവ് നം. ബി1-02/2017/ഡി.ഡിസ് തീയതി 25/02/2017).

2. ശ്രീ. ജോസ്.കെ.ജെയ്സൺ-നെ പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകി നിയമിക്കുമ്പോൾ മറ്റ് എച്ച്.എസ്.റ്റി മാരിൽ ഒരാളായ ശ്രീ. അലക്സ് ഡേവിഡ് (എച്ച്.എസ്.റ്റി) സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ പത്തനാപുരം, ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ.ജോസ്.കെ.ജോയ്സൺ-ന്റെ സ്ഥാനക്കയറ്റ നിയമനത്തിനെതിരെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു.

3. ശ്രീ.ജെസ്.കെ.ജെയ്സൺ-ന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കായ്കയാൽ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിലെ 01/06/2016 മുതലുള്ള സ്ഥാനക്കയറ്റ നിയമനവും അംഗീകരിച്ചു ലഭിക്കാതിരുന്ന ശ്രീമതി. രഞ്ചു.സി.എം.നെ 01/06/2017 മുതൽ പത്തനാപുരം സെന്റ് സ്റ്റീഫിൻസ് ഹൈസ്കൂളിലെക്ക് തന്നെ സ്ഥലം മാറ്റം നൽകി നിയമിച്ചിരുന്നു. എച്ച്.എസ്.റ്റി (ഗണിതം) അദ്ധ്യാപകനായിരുന്ന ശ്രീ. അലക്സ് ഡേവിഡ് 31/03/2017-ൽ റിട്ടയർ ചെയ്തതുമൂലമുണ്ടായ ഒഴിവിലേക്കാണ് ശ്രീമതി. രഞ്ചു.സി.എം.-ന് സ്ഥലം മാറ്റം നൽകിയത് (ഉത്തരവ് നമ്പർ 310/2016-17 Dt.29/05/2017/മാനേജർ) . ശ്രീമതി.രഞ്ചു.സി.എം-ന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കായ്കയാൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലേക്കുള്ള സ്ഥലം മാറ്റവും അംഗീകരിച്ചു ലഭിച്ചില്ല.

4. ശ്രീ. ജോസ്.കെ.ജെയ്സൺ-ന്റെ ഹെഡ്മാസ്റ്ററായുള്ള സ്ഥാനക്കയറ്റ നിയമനത്തിനെതിരെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത ശ്രീ. അലക്സ് ഡേവിഡ് പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ നിന്നും 31/03/2017-ൽ റിട്ടയർ ചെയ്തിട്ടുള്ളതാണ്. പ്രധാനാദ്ധ്യാപകനായി നിയമിതനായ ശ്രീ.ജോസ്.കെ.ജെയ്സൺ 31/05/2020-ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുണ്ട്. പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ നിന്നും 31/03/2017-ൽ ശ്രീ.അലക്സ് ഡേവിഡ് റിട്ടയർ ചെയ്തതുമൂലം 01/04/2017 മുതൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടുള്ളതും ശ്രീമതി.രഞ്ചു.സി.എം-ന് 01/06/2017 മുതൽ നിൽക്കാൻ ഒഴിവുള്ളതുമാണ്. ശ്രീമതി. രഞ്ചു.സി.എം.ന്റെ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടില്ല എന്നതുമാത്രമാണ് സ്ഥലം മാറ്റം അംഗീകരിക്കുന്നതിനു തടസ്സമായിട്ടുള്ളത്.

5. ശ്രീ.ജോസ്.കെ.ജെയ്സൺ-ന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുന്നത് നീണ്ടുപോയ സാഹചര്യത്തിലാണ് ശ്രീമതി.രഞ്ചു.സി.എം തനിക്ക് 01/06/2017 മുതൽ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലേക്കുള്ള സ്ഥലം മാറ്റം പുതിയ നിയമനമായി പരിഗണിക്കണമെന്ന അപേക്ഷ സർക്കാർ മുമ്പാകെ സമർപ്പിച്ചത്. 01/06/2017 മുതലുള്ള സ്ഥലമാറ്റ നിയമനം പുതിയ നിയമനമായി പരിഗണിച്ച് നിയമന പ്രപ്പോസൽ ഇപ്പോൾ സമർപ്പിക്കുകയാണെങ്കിൽ 01/06/2017 മുതൽ നാളിതുവരെയുള്ള കാലതാമസം ഇളവ് ചെയ്തു ലഭിക്കുന്നതിന് ഉത്തരവുണ്ടാകണമെന്നപേക്ഷയുണ്ട്.

6. ശ്രീ.ജോസ്.കെ.ജെയ്സൺ തന്റെ 01/06/2016 മുതലുള്ള

പ്രധാനാദ്ധ്യാപക തസ്തികയിലെ സ്ഥാനക്കയറ്റം അംഗീകരിച്ചു ലഭിക്കായ്കയാൽ ബഹു. കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച റിട്ട് പെറ്റീഷൻ WP(C) 21655/2020) – ൽ 22/10/2021-ൽ ഉണ്ടായ വിധിന്യായത്തിൽ ടിയാന്റെ നിയമന പ്രപ്പോസൽ അംഗീകാരത്തിന് പരിഗണിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുനർസമർപ്പിച്ച നിയമന പ്രപ്പോസൽ 01/04/2017 മുതൽ അംഗീകരിച്ച് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്(ഉത്തരവ് നം. ബി3/3673/2021 തീയതി 08/12/2021).

7. ശ്രീ.ജോസ്.കെ.ജെയ്സൺ-ന്റെ 01/06/2016 മുതലുള്ള നിയമനം 01/04/2017 മുതൽ അംഗീകരിച്ചു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.രഞ്ജു.സി.എം-ന്റെ നിയമന പ്രപ്പോസൽ 04/01/2022-ൽ സമന്വയ പോർട്ടൽ വഴി പുനർസമർപ്പിച്ചിട്ടുള്ളത് വയനാട് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ പരിഗണനയിലാണ് എന്നറിയിക്കട്ടെ.

മുകളിൽ സമർപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീജോസ്.കെ.ജെയ്സൺ-ന്റെ ഹെഡ്മാസ്റ്റർ തസ്തികയിലെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടുള്ളതിനനുസരണമായി ശ്രീമതി.രഞ്ജു.സി.എം.ന്റെ നിയമനം അംഗീകരിച്ചു ലഭിക്കുന്നതിനുവേണ്ട നടപടി ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു."

3) വയനാട് ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ വാദം ചുവടെ ചേർക്കുന്നു.

"എ)വയനാട് ജില്ലയിലെ തൊണ്ടർനാട് എം.റ്റി.ഡി.എം ഹൈസ്കൂളിലെ എച്ച്.എസ്.റ്റി ഗണിതാദ്ധ്യാപകനായ ശ്രീ.ജോസ്.കെ.ജെയ്സൺ എന്നവരെ 01/06/2016 മുതൽ പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകി മാലൂർ എം.റ്റി.ഡി.എം ഹൈസ്കൂളിൽ നിയമിച്ച ഒഴിവിലാണ് ശ്രീമതി. രഞ്ജു.സി.എം എന്നവരെ 01/106-2016 മുതൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചിരിക്കുന്നത്. എന്നാൽ താഴെപ്പറയുന്ന കാരണങ്ങളാൽ ഈ ഓഫീസിൽ നിന്നും ടിയാരിയുടെ നിയമനാംഗീകാരം നിരസിച്ച് ഉത്തരവായി.

1. ശ്രീ.ജോസ്.കെ.ജെയ്സൺ എന്നവരുടെ പ്രമോഷൻ അംഗീകരിച്ച ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2. ഗവൺമെന്റ് സർക്കുലർ നം.951951/ജെ2/2016, തീയ്യതി 09/11/2016 പ്രകാരം 2016-17 വർഷത്തിലെ ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരെ ഉപയോഗിച്ചാണ് നികത്തേണ്ടത്.

3. ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കായി 3 ശതമാനം ഒഴിവുകൾ മാറ്റിവെച്ചതായി മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടില്ല.

ഈ മൂന്ന് കാരണങ്ങളാലാണ് മുമ്പ് നിയമനാംഗീകാരം നിരസിക്കപ്പെട്ടത്. നിയമനാംഗീകാരം നിരസിച്ചതിനെതിരെ കോർപ്പറേറ്റ് മാനേജർ വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചുവെങ്കിലും നിയമനം നിരസിക്കാനിടയായ കാരണങ്ങൾ നിലനിൽക്കുന്നതിനാൽ 26/02/2017-ലെ ഉത്തരവ് നം. ബി1/02/2017/ഡി.ഡിസ് പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ അപ്പീൽ നിരസിച്ചുത്തരവായി.

ബി) ശ്രീ.ജോസ് കെ. ജെയ്സൺ തന്റെ നിയമനം അംഗീകരിച്ച് നൽകാത്തതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 22/10/2021-ലെ റിട്ട് ഹർജി (സിവിൽ) 21655/2020-ലെ ഇടക്കാല വിധിയുത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ നിയമനം 01/04/2017 മുതൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 08/12/2021-ലെ നം.ബി3/3673/2021 ഉത്തരവ് പ്രകാരം നിയമനം അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ നിലവിൽ 01/04/2017 മുതൽ ശ്രീമതി.രഞ്ചു.സി.എം-നെ ഉൾക്കൊള്ളുന്നതിന്റെ ഒഴിവ് തൊണ്ടർനാട് എം.ടി.ഡി.എം ഹൈസ്കൂളിൽ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിൽ സ്ഥാപിതമായിട്ടുണ്ട്. നിലവിൽ 2016-17 മുതൽ 2019-2020 വരെയുള്ള നിയമനാംഗീകാരം 06/02/2021-ലെ സർക്കാർ ഉത്തരവ് 04/2021 പ്രകാരമാണ് പരിഗണിക്കേണ്ടത്. ആയത് പ്രകാരം സംരക്ഷിതാദ്ധ്യാപകരുടെ നിയമനം സംബന്ധിച്ചുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധമായി സർക്കാർ തുടർ നിർദ്ദേശങ്ങൾ നൽകാത്തതിനാൽ ആയത് പരിഗണിക്കാതെ നിലവിൽ നിയമനാംഗീകാരം നൽകിവരുന്നുണ്ട്. ആയതിനാൽ മുമ്പ് നിയമനം നിരസിക്കാനിടയായ കാരണങ്ങൾ ഇപ്പോൾ നിലനിൽക്കുന്നില്ല. ആയതിനാൽ 01/04/2017 മുതൽ ശ്രീമതി.രഞ്ചു.സി.എം എന്നവരുടെ നിയമനാംഗീകാരം ഭിന്നശേഷിക്കാരുടെ എയ്ഡഡ് മേഖലയിൽ നിയമനം സംബന്ധിച്ച് നിലവിലുള്ള കോടതിവിധികൾക്കനുസൃതമായി പരിഗണിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു. കൂടാതെ പത്തനാപുരം മൗണ്ട് താബോർ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി മാനേജരുടെ 29/05/2017-ലെ ഉത്തരവ് നം. 310/2016-17 പ്രകാരം ടിയാളെ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലേക്ക് 01/06/2017 മുതൽ സ്ഥലംമാറ്റിയിട്ടുണ്ടെന്നുള്ള വിവരവും കൂടി അറിയിക്കുന്നു. ശ്രീമതി.രഞ്ചു.സി.എം-ന്റെ നിയമനത്തിന് ആധാരമായ ശ്രീ.ജോസ്.കെ.ജെയ്സൺ എന്നവരുടെ 01/04/2017 മുതലുള്ള എം.റ്റി.ഡി.എം ഹൈസ്കൂൾ മാലൂരിലേക്കുള്ള പ്രമോഷൻ നിയമനം അംഗീകരിച്ചുകൊണ്ടുള്ള കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവും നിലവിലുണ്ട്."

` 4) പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദം ചുവടെ ചേർക്കുന്നു.

"എ) പത്തനാപുരം ആസ്ഥാനമായുള്ള എസ്.ഒ.എസ്.റ്റി. മൗണ്ട് താബൂർ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അധികാര പരിധിയിൽ ഉള്ള വയനാട് തൊണ്ടർനാട് എം.റ്റി.ഡി.എം ഹൈസ്കൂളിലെ എച്ച്.എസ്.റ്റി ഗണിതം അദ്ധ്യാപകനായിരുന്ന ശ്രീ.ജോസ്.കെ.ജയ്സൺ പ്രഥമാധ്യാപകനായി മാലൂർ എം.ടി.ഡി.എം എച്ച്.എസിന്റെ 01/06/2016 നിയമിച്ചതു മൂലമുണ്ടായ ഒഴിവിൽ ആണ് പത്തനാപുരം സെന്റ് സ്റ്റീഫൻസ് എച്ച്.എസിലെ യു.പി.എസ്.റ്റി ആയിരുന്ന ശ്രീമതി.രഞ്ചു.സി.എംന് എച്ച്.എസ്.റ്റി ഗണിതം അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി വയനാട് തൊണ്ടർനാട് എം.റ്റി.ഡി.എം. ഹൈസ്കൂളിൽ 01/06/2016 മുതൽ നിയമിച്ചത് എന്നും, ടി നിയമനം വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും അപ്പീൽ വയനാട് വിദ്യാഭ്യാസ ഉപ ഡയറക്ടറും നിരസിച്ചു എന്നും കോർപ്പറേറ്റ് മാനേജർ സമർപ്പിച്ചിരിക്കുന്ന നിവേദനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

ബി) ശ്രീ.ജോസ്.കെ.ജയ്സന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാത്തതിനാലാണ് ശ്രീമതി. രഞ്ചു.സി.എം.ന്റെ നിയമനവും നിരസിച്ചത്. ഇതേ മാനേജ്മെന്റിലെ സീനിയർ എച്ച്.എസ്.റ്റി ആയ ശ്രീ.അലക്സ് ഡേവിഡ്, ടി മാനേജ്മെന്റ് സീനിയോറിറ്റി പരിഗണിക്കാതെയാണ് പ്രഥമാധ്യാപക നിയമനങ്ങൾ നടത്തുന്നത് എന്നും, സീനിയർ ആയ തന്നെ പരിഗണിക്കാതെയാണ് ശ്രീ.ജോസ്.കെ.ജെയ്സൻ ഉൾപ്പെടെ ഉള്ളവർക്ക് സ്ഥാനക്കയറ്റം നൽകിയിരിക്കുന്നതാണെന്നും കാണിച്ച് ബഹു. കേരള ഹൈക്കോടതിയിൽ 17591/2016 നം. റിട്ട് ഹർജി (സിവിൽ) ഫയൽ ചെയ്തിരുന്നു. ആയതിന്റെ വിധി ലഭിക്കാത്ത സാഹചര്യത്തിലാണ് ശ്രീ.ജോസ്.കെ.ജയ്സന്റെ നിയമനം വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിരസിച്ചതെന്ന് കരുതാം.

സി) ശ്രീ.അലക്സ് ഡേവിഡ് 31/03/2017 ൽ വിരമിച്ച ഒഴിവിൽ രഞ്ചു.സി.എം.നെ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലേയ്ക്ക് 01/06/2017 മുതൽ സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നു.

ടിയാരിയുടെ ആദ്യ നിയമനം അംഗീകരിക്കാത്തതിനാൽ സ്ഥലമാറ്റ നിയമനവും അംഗീകരിക്കപ്പെട്ടിട്ടില്ല. ശ്രീമതി.രഞ്ചു.സി.എം.നെ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലേയ്ക്കുള്ള 01/06/2017 മുതലുള്ള സ്ഥലമാറ്റ നിയമനം വിരമിക്കൽ ഒഴിവിലുള്ള പുതിയ സ്ഥാനക്കയറ്റ നിയമനമായി കണക്കിലാക്കി അംഗീകരിക്കണമെന്ന് കാണിച്ചാണ് മാനേജർ നിവേദനം സമർപ്പിച്ചിരിക്കുന്നത്. 2017-18 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ടി സ്കൂളിൽ 7 എച്ച്.എസ്.റ്റി ഗണിതം തസ്തികകൾ അനുവദിച്ച് നൽകിയിരുന്നു. ശ്രീമതി. രഞ്ചു.സി.എം.നെ നിയമിച്ചിട്ടുള്ള ഒഴിവ് വ്യവസ്ഥാപിതമായിട്ടുള്ളതാണെന്നും അറിയിക്കുന്നു.

ഡി) തങ്ങളുടെ പ്രഥമാധ്യാപകരായുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ച് ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.ജോസ്.കെ.ജയ്സൺ, ശ്രീ.ജോർജ്ജ് എം.പി, ശ്രീ.കോശി തോമസ് എന്നിവർ ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 21655/2020 (എഫ്) നം. റിട്ട് ഹർജി (സിവിൽ) യുടെ 22/10/2021 ലെ വിധിന്യായത്തിൽ പരാതിക്കാരനായ ശ്രീ.അലക്സ് ഡേവിഡ് 31/03/2017 ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ഹർജിക്കാരുടെ നിയമനം 01/04/2017 മുതൽ പരിഗണിക്കാൻ ടി കേസിലെ അഞ്ചാമത്തെ റസ്പോണ്ടന്റായ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറെയും (ശ്രീ.കോശിതോമസിന്റെ പത്തനാപുരം മൗണ്ട് താബോർ ഹയർ സെക്കണ്ടറി സ്കൂളിലേക്കുള്ള 01/06/2016 മുതലുള്ള പ്രഥമാധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ നിയമനം) ഒമ്പതാമത്തെ റസ്പോണ്ടന്റായ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറെയും (ശ്രീ.ജോസ്.കെ.ജയ്സൺന്റെ മാലൂർ എം.റ്റി.ഡി.എം. എച്ച്.എസ് ലേക്കുള്ള 01/06/2016 മുതലുള്ള സ്ഥാനക്കയറ്റ നിയമനം, ഈ ഒഴിവിലേക്കാണ് ശ്രീമതി.രഞ്ചു സി.എം.ന്റെ 01/06/2016 മുതലുള്ള ആദ്യ നിയമനം) ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി വിധിന്യായ പ്രകാരം ഈ കാര്യാലയത്തിലെ ബി6/30920/2021 തീയതി 01/01/2022 ന് ഉത്തരവ് പ്രകാരം നിയമന തീയതി ആയ 01/06/2016 തന്നെ ശ്രീ.കോശി തോമസിന് നടപ്പിലാക്കിയിട്ടുണ്ട്. സ.ഉ.(സാധാ) നം.4894/2021/പൊ.വി.വ തീയതി 31/410/2021 നം. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയമന തീയതി മുതൽ നിയമനാംഗീകാരം നൽകിയത്.

ഇ) ഈ മാനേജ്മെന്റിൽ പ്രഥമാധ്യാപക നിയമനങ്ങൾ ക്രമപ്രകാരമല്ല നടക്കുന്നത്, സീനിയോറിറ്റി പരിഗണിക്കുന്നില്ല, നടപടി ക്രമങ്ങൾ പാലിക്കുന്നില്ല എന്നിങ്ങനെ പരാതിപ്പെട്ടുകൊണ്ട് ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 1837/2020 നം. റിട്ട് ഹർജി (സിവിൽ) യുടെ 23/10/2020 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ.ഉ.(ആർ.റ്റി) 1751/2020/പൊ.വി.വ തീയതി 2903/2020 നം. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം ഈ മാനേജ്മെന്റിലെ 2016 മുതലുള്ള എല്ലാ പ്രഥമാധ്യാപക നിയമനങ്ങളും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. മേൽ സർക്കാർ ഉത്തരവിനെതിരെ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 18259/2020 നം. റിട്ട് ഹർ ജി (സിവിൽ) യുടെ 08/05/2020 ലെ വിധിന്യായത്തിൽ മേൽ സർക്കാർ ഉത്തരവ് പിൻവലിക്കാനും കേസിൽ ബന്ധപ്പെട്ട കക്ഷികളുമായി കൂടിക്കാഴ്ച നടത്തി തീരുമാനമെടുക്കാനും ഉത്തരവുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സ.ഉ (സാധാ) നം. 4894/2021 പൊ.വി.വ തീയതി 30/10/2021 നം.ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവ് പ്രകാരം എസ്.ഒ.എസ്.റ്റി മാനേജ്മെന്റ് മൈനോറിറ്റി റൈറ്റ് ഉള്ളതാണെന്നും ടി മാനേജ്മെന്റിന്റെ മൈനോറിറ്റി അവകാശ പ്രകാരം പ്രഥമാധ്യാപക നിയമനങ്ങൾക്ക് സീനിയോറിറ്റി പരിഗണിക്കാതെ തന്നെ ന്യൂനപക്ഷ സമുദായത്തിൽ നിന്ന് യോഗ്യരായ ആരെയും നിയമിക്കാമെന്നും സ്ഥാപനം ഇങ്ങനെയൊരു നിയമനം നടത്തിയാൽ അതിൽ ഇടപെടാൻ കോടതിക്ക് അവകാശമില്ലായെന്നും, സുപ്രീം കോടതി അസന്നിംശ്ധമായി വ്യക്തമാക്കിയിട്ടുണ്ട് എന്ന് സൂചിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ മാനേജ്മെന്റിൽ നടത്തിയിരിക്കുന്ന എല്ലാ പ്രഥമാധ്യാപക നിയമനങ്ങളും നിയമന തീയതി മുതൽ അംഗീകാരത്തിനർഹതയുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. അങ്ങനെയെങ്കിൽ ശ്രീ.രഞ്ചു.സി.എം.നെ നിയമനത്തീയതി മുതൽ അംഗീകാരം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ട്”

5) മേൽ വിവരിച്ച വസ്തുതകൾ പരിശോധിച്ച് 01/04/2017 മുതൽ ശ്രീമതി.രഞ്ജു.സി.എം ന്റെ നിയമനാംഗീകാരം എയ്ഡഡ് മേഖലയിൽ ഭിന്നശേഷിക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള കോടതിവിധികൾക്കനുസൃതമായി പരിഗണിക്കാവുന്നതാണ് എന്ന് വയനാട് ജില്ലാവിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറും ശ്രീമതി. രഞ്ജു.സി.എം.നെ നിയമനത്തീയതി മുതൽ അംഗീകാരം ലഭിക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ മുകളിൽ പരാമർശിച്ച വിധമുള്ള റിപ്പോർട്ടുകളിലെ വസ്തുതകൾ അംഗീകരിച്ചുകൊണ്ട്, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 01/04/2017 മുതലുള്ള ശ്രീമതി.രഞ്ജു.സി.എം-നെ ഉൾക്കൊള്ളുന്നതിന്റെ ഒഴിവ് തൊണ്ടർനാട് എം.ടി.ഡി.എം ഹൈസ്കൂളിൽ എച്ച്.എസ്.റ്റി (ഗണിതം) തസ്തികയിൽ സ്ഥാപിതമായിട്ടുള്ളതിൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം വയനാട് ജില്ലാവിദ്യാഭ്യാസ ഓഫീസർക്കു നൽകി പരാമർശം (1) ലെ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, Society of the Order of Sacred Transfiguration, മൗണ്ട് താബോർ, പത്തനാപുരം പി.ഒ., കൊല്ലം
ശ്രീമതി.രഞ്ജു സി.എം., എച്ച്.എസ്.റ്റി(ഗണിതം), സെന്റ് സ്റ്റീഫൻസ് എച്ച്.എസ്., പത്തനാപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 22-03-2022 10:35:56**
സെക്ഷൻ ഓഫീസർ